"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - ഐ.എസ്.ഡബ്ല്യു.സി-പാമ്പാർ ബേസിൻ പ്രൊജക്ട് - ചെങ്കലാർ പദ്ധതി - പട്ടിശ്ശേരി ഡാമിന്റെയും കനാൽ ശൃംഖലകളുടെയും പുനർനിർമ്മാണം - ഉദ്ഘാടന പ്രവൃത്തികൾ - എസ്റ്റിമേറ്റ് അംഗീകരിച്ച് തുക വിനിയോഗിക്കാൻ അനുമതി നല്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ(ഐ.എസ്.ഡബ്ല്യു.സി) വകുപ്പ്**

**G.O.(Rt)No.216/2026/WRD** തീയതി,തിരുവനന്തപുരം, **28-02-2026**

---

പരാമർശം :- ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം -II -ന്റെ 24.02.2026 തീയതിയിലെ ഡബ്ലിയു.പി.2-5901/13-ഡി4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

**1.** ചെങ്കലാർ പദ്ധതിയിൽപ്പെട്ട പട്ടിശ്ശേരി ഡാമിന്റെയും കനാൽ ശൃംഖലയുടേയും പുനർനിർമ്മാണവുമായി ബന്ധപ്പെട്ട സിവിൽ പ്രവൃത്തികൾ ഉദ്ഘാടന ഘട്ടത്തിലേയ്ക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, അതുമായി ബന്ധപ്പെട്ട് സൈറ്റ് വൃത്തിയാക്കുന്നതിനും പന്തൽ ക്രമീകരിക്കുന്നതിനും പന്തലിനാവശ്യമായ ജി.ഐ.പൈപ്പ്. ഷീറ്റ്, തുണികളും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഇരിക്കുന്നതിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കുന്നതിനും ചടങ്ങിനാവശ്യമായ മറ്റ് ഘടകങ്ങൾ ഉൾപ്പെടുത്തി പന്തൽ നിർമ്മാണം അനുബന്ധ പ്രവൃത്തികൾ, advertisement/ publicity/ Electronics/ Electrification എന്നീ പ്രവൃത്തികൾക്ക് വേണ്ടി തയാറാക്കിയ 4,88,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കണമെന്നും, പ്രസ്തുത തുക 4701-25-800-97 Dam and appurtenant (Pambar basin) എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നും ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-II പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടിശ്ശേരി ഡാമിന്റെയും കനാൽ ശൃംഖലകളുടെയും ഉദ്ഘാടനം ഉടൻ തന്നെ നടക്കുന്നതിനാൽ പ്രവൃത്തിയുടെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് പട്ടിശ്ശേരി ഡാമിന്റെ ഉദ്ഘാടനാവശ്യത്തിനായി 4,88,000/- രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക 4701-25-800-97 Dam and appurtenant (Pambar basin) എന്ന ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BALUMAHENDRA B**

**JOINT SECRETARY**

1. ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-II, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit/A&E), തിരുവനന്തപുരം.
3. ഡയറക്ടർ, ഐ&പി.ആർ.ഡി (വെബ് & ന്യൂ മീഡിയ).
4. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Resmi B

Date: 02-03-2026 10:23:10

സെക്ഷൻ ഓഫീസർ

പകർപ്പ് :-

1. ജലവിഭവ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്